# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

31.01.2014 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 343

## ആശ്വാസ് 2014 പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ വാഹീദ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ആശ്വാസ് ' 2014 പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സഹകരണ വായ്പാ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും, സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും അതോടൊപ്പം വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി 'ആശ്വാസ് 2014' കുടിശ്ശിക നിവാരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 01/2014 നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എന്തെലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖാന്തിരം കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതോടൊപ്പം സഹകരണ സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുക, സംഘങ്ങളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങളാക്കി മാറ്റുക എന്നതാണ് 'ആശ്വാസ് 2014' കുടിശ്ശിക നിവാരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) സഹകരണ ബാങ്കുകളിൽ നിന്നും ലോണെടുത്ത പാവപ്പെട്ടവർക്ക് പലിശ ഇളവ് നൽകി സഹായിക്കുവാനും സംഘങ്ങളിലെ വായ്പാ കുടിശ്ശിക പിരിച്ചെടുക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ | (സി) 5 ലക്ഷം വരെയുള്ള വായ്പകൾ (മുതൽ) കുടിശ്ശികയായിട്ടുണ്ടെങ്കിൽ വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും, മുതലും ഈടാക്കി ബാക്കി നിൽപ്പ് പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, |

ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

മറ്റ് ചാർജ്ജുകൾ എന്നിവ ഒഴിവാക്കി, എന്നാൽ സംഘത്തിൽ നിന്നും ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ് എന്നിവ അടച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

ഇപ്രകാരം വായ്പകൾക്ക് പലിശകണക്കാക്കുമ്പോൾ, യാതൊരു കാരണവശാലും പലിശ ബാക്കി നിൽപ്പ് മുതലിനേക്കാൾ അധികരിച്ച് ഈടാക്കാൻ പാടുള്ളതല്ല എന്ന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾ കുടിശ്ശികയായിട്ടുണ്ടെങ്കിൽ വായ്പയെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കോ ഇപ്പോൾ ഉള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ തുകയും, ബാക്കി നിൽപ്പ് മുതലിന് ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. പലിശ ബാക്കി നിൽപ്പ് മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ, അപ്രകാരം അധികരിച്ച പലിശ തുകയുടെ 5% ൽ അധികരിക്കാതെ പരമാവധി 25,000/- രൂപ വരെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജും, മുതലിനോടൊപ്പം ഈടാക്കിയും മറ്റ് ചെലവുകൾ ഒഴിവാക്കിയും, ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് ഈടാക്കിയും വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

10 ലക്ഷം രൂപയ്ക്ക് മുകളിൽ നൽകിയിട്ടുള്ളതും 5 വർഷത്തിലധികം പഴക്കമുള്ളതുമായ വായ്പകൾ, ബാക്കി നിൽപ്പ് മുതലിന് നിലവിലുണ്ടായിരുന്ന പലിശനിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ്, പ്രസ്തുത പലിശ തുകയുടെ 5% ൽ അധികരിക്കാതെയും എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് പരമാവധി 25,000/- രൂപയിൽ അധികരിക്കാതെയും ബാക്കി നിൽപ്പ് മുതലിനോടൊപ്പം ഈടാക്കി പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കിയും,

ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസ് ഈടാക്കിയും വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

10 ലക്ഷം രൂപയ്ക്ക് മുകളിലുള്ളതും 5 വർഷത്തിന് താഴെ പഴക്കമുള്ളതുമായ വായ്പകളുടെ ബാക്കി നിൽപ്പ് മുതൽ തുക, നിലവിലുള്ള പലിശ നിരക്കിൽ അടച്ച് തീർക്കാവുന്നതും, പലിശ തുകയുടെ 5% തുക ഭരണചെലവ്/എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇനത്തിൽ ഈടാക്കി പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി നൽകാവുന്നതും ആർബിട്രേഷൻ/എക്സിക്യൂഷൻ ഫീസുകൾ ഈടാക്കാവുന്നതുമാണ്.

ഇതിനുപുറമെ റിക്കവറി ക്യാമ്പുകൾ കൂടി സംഘടിപ്പിച്ച് മരണപ്പെട്ടവരുടെ വായ്പകൾ, മാരക രോഗം ബാധിച്ചവർ, മാരക രോഗം ബാധിച്ചവർ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ അവരുടെ ചികിത്സ വായ്പക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ, അനാഥർ തുടങ്ങിയവരുടെ വായ്പകൾ ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി തീർപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | പദ്ധതിയുടെ കാലാവധിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ നൽകുമോ? | (ഡി) 2014 ജനുവരി 15 മുതൽ മാർച്ച് 15 വരെയുള്ള കാലയളവിലാണ് ആശ്വാസ് 2014 പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ